# ഇനി കുതിക്കും കൂത്തുപറമ്പ്



പ്രിയപ്പെട്ടവരേ,
കൂത്തുപറമ്പിന് ഏറെ പൈതൃക കഥകൾ പറയാനുണ്ട്. രാഷ്ട്രീയ പ്രബുദ്ധതയുടെ പ്രോജ്ജ്വലമായ ചരിത്രം ഈ മണ്ണിനുണ്ട്. എന്നാൽ നമ്മുടെ നിയോജക മണ്ഡലം ഇന്ന് വികസന മുരടിപ്പിലാണ്. മറ്റു മണ്ഡലങ്ങളിലെ വികസനത്തിനൊപ്പമെത്തണമെങ്കിൽ കുതിപ്പാണ് കൂത്തുപറമ്പിനാവശ്യം. യുവജനങ്ങൾക്ക് കലാ കായിക രംഗങ്ങളിൽ പ്രോത്സാഹനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വ്യവസായ കേന്ദ്രങ്ങൾ, പ്രവാസി സംരംഭകരെ ചേർത്തുപിടിക്കൽ തുടങ്ങിയ സ്വപ്നങ്ങളില്ലേ നമുക്ക്? നമ്മുടെ മക്കൾ പഠിക്കാൻ ദൂരേയ്ക്ക് പോകേണ്ടി വരുന്നതെന്തുകൊണ്ടാണ്? എല്ലാ നേരവും വെള്ളവും വെളിച്ചവും നമ്മുടെ അവകാശമല്ലേ.

കൃത്യമായ ആസൂത്രണത്തിലൂടെ നമ്മുടെ നാടിന്റെ വികസനകുതിപ്പ് സാധ്യമാക്കണം. ഇക്കാര്യത്തിൽ നമുക്ക് ഒരുമിച്ച് നീങ്ങാം. കൂത്തുപറമ്പിലെ സമഗ്രമായ വികസനകുതിപ്പിന് കരുത്തേകാൻ ഞാൻ നിങ്ങളോടൊപ്പമുണ്ടാകും

നിങ്ങളുടെ സ്വന്തം
-ജയന്തി രാജൻ

ഇന്ദിര ഗ്യാരന്റി

- ക്ഷേമ പെൻഷനുകൾ **3000 രൂപയായി** വർധിപ്പിക്കും
- കോളജ് വിദ്യാർത്ഥിനികൾക്ക് **1000 രൂപ** പ്രതിമാസം ധനസഹായം
- എല്ലാ കുടുംബങ്ങൾക്കും **25 ലക്ഷം രൂപ** വരെയുള്ള സൗജന്യ ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ്
- സ്ത്രീകൾക്ക് K.S.R.T.C ബസുകളിൽ **സൗജന്യ യാത്ര**
- മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി **പ്രത്യേക വകുപ്പ്**

കൂത്തുപറമ്പ് നിയോജക മണ്ഡലം
UDF
സ്ഥാനാർഥി

## ജയന്തി രാജനെ

" ഏണി "
അടയാളത്തിൽ
വോട്ട് രേഖപ്പെടുത്തി
വിജയിപ്പിക്കുക

# ആരോഗ്യം അവകാശമാണ്.

### യഥാർത്ഥ താലൂക്ക് ആശുപത്രി

പേരിൽ മാത്രം 'താലൂക്ക്' എന്നുള്ള പാനൂർ താലൂക്ക് ആശുപത്രിയുടെ യഥാർത്ഥത്തിലുള്ള പൂർത്തീകരണമാണ് ഇതിൽ പ്രധാനം. സ്ഥലമേറ്റെടുക്കൽ മുതൽ കെട്ടിട നിർമ്മാണവും,വിദഗ്ധ ഡോക്ടർമാരുടെ സേവനവും വരെയുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും.

### ദ ഹാപ്പിനസ്സ് പ്രൊജക്ട്

മണ്ഡലത്തിനു വേണ്ടി പ്രത്യേകം രൂപകൽപന ചെയ്ത, ജനങ്ങളുടെ മാനസിക ആരോഗ്യത്തിന് പ്രാധാന്യം നൽകുന്ന പ്രൊജക്ടാണിത്. മാനസിക ആരോഗ്യം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി മൈൻഡ് വെൽനസ്സ് സെന്ററുകൾ സ്ഥാപിക്കും. മാനസീക ഉല്ലാസത്തിന് ലൈബ്രറികൾ, ക്ലബ്ബുകൾ, പാർക്കുകൾ, ഫെസ്റ്റുകൾ എന്നിവ ആരംഭിക്കും.

### സൊളേസ് പ്രൊജക്ട്

സമഗ്ര പാലിയേറ്റീവ് - ജെറിയാട്രിക് പരിചരണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മരണാസന്നമായ രോഗികളുടെയും വയോധികരുടെയും സ്നേഹപരിചരണം ഉറപ്പുവരുത്തുന്ന പദ്ധതിയാണിത്. കിടത്തി ചികിത്സയും താമസവും ഉൾപ്പെടുന്ന പദ്ധതിക്കായി പുതിയ കെട്ടിടവും നിർമ്മിക്കും.

### ഫ്രീ ഫ്രം പെയിൻ

ക്യാൻസർ, ആങ്കിലോസിങ് സ്പോൺടുലൈറ്റിസ്, പേവിഷ ബാധ, പ്രതിവിഷ മരുന്നുകൾ മുതലായ മാരകവും അപൂർവ്വമായ രോഗ ബാധിതർക്ക് സൗജന്യ മരുന്ന് ലഭ്യമാക്കും.
നിർദ്ധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകും.

# വിദ്യാഭ്യാസമാണ് വികസനം

### സ്മാർട്ടായി തുടങ്ങാം

സ്മാർട്ട് അംഗനവാടികൾ കുഞ്ഞുങ്ങളുടെ ആരോഗ്യത്തെയും ബുദ്ധിവളർച്ചയെയും നൈപുണ്യങ്ങളേയും വിദഗ്ധരുടെ സഹായത്തോടെ നിരീക്ഷിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഹോളിസ്റ്റിക് ഡെവലപ്മെന്റ് എന്ന ശാസ്ത്രീയ മാനദണ്ഡങ്ങൾ പാലിക്കുന്ന ഇത്തരം അംഗനവാടികളായി നിലവിലുള്ള അംഗനവാടികളെ ഉയർത്തും

### കതിരിടട്ടെ കരുത്തോടെ

വിദ്യാഭാസ വികസനം നിർബന്ധമായും വളരെ വേഗം നടപ്പിലാക്കേണ്ട സാഹചര്യമാണ് ഇവിടുള്ളത്. നിലവിലുള്ള ഹയർ സെക്കണ്ടറി സീറ്റ് അപര്യാപ്തത പരിഹരിക്കും. സർക്കാർ സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളും വേഗത്തിൽ സാധ്യമാക്കും. AI, സൈബർ സെക്യൂരിറ്റി തുടങ്ങിയ ടെക്നോളജിയും കംപ്യൂട്ടിംഗും ഉൾപ്പെടുന്ന ആധുനിക കോഴ്സുകൾ പഠിപ്പിക്കുന്ന ഗവൺമെന്റ് കോളേജ് എന്ന ആവശ്യം നടപ്പിലാക്കും.

### ഉയരണം പ്രതീക്ഷകൾ

തൊഴിലധിഷ്ഠിത, ഉന്നത വിദ്യാഭ്യാസം ലക്ഷ്യം വയ്ക്കുന്ന പരിശീലന സ്ഥാപനങ്ങൾ സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കും. പി എസ് സി ഉൾപ്പെടെയുള്ള മത്സരപരീക്ഷകൾക്ക് അഭ്യസ്തവിദ്യരെ പ്രാപ്തരാക്കാൻ ഇത്തരം സ്ഥാപനങ്ങൾ ഉതകുന്നവയായിരിക്കും.

### പറക്കട്ടെ ഭയമില്ലാതെ

മികച്ച വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് എം.എൽ.എ മെറിറ്റോറിയൽ സ്കോളർഷിപ്പ് ഉടൻ നടപ്പിലാക്കും

### കാര്യമായി കളിക്കട്ടെ

സ്പോർട്സ് ഹബ്ബിനോടനുബന്ധമായി സ്ഥാപിക്കുന്ന അക്കാദമിയിൽ ഫുട്ബോൾ, ക്രിക്കറ്റ്, ബാഡ്മിന്റൺ തുടങ്ങിയവയുടെ പരിശീലനവും ക്ലബുകൾ, സംസ്ഥാനേതര, രാജ്യാന്തര മത്സരങ്ങളിലേക്കുള്ള സെലക്ഷൻ പ്രക്രിയയിൽ ഭാഗമാകാനുള്ള സജ്ജീകരണങ്ങളും സാധ്യമാക്കും.

# ഇനി പാനൂരിന്റെ കളികൾ കാണാം

### ഹൈബ്രിഡ് സ്റ്റേഡിയം

കളികൾക്കും കലാപരിപാടികൾക്കും ഒരേ പോലെ ഉപയുക്തമാകുന്ന സ്റ്റേഡിയമാണിത്. ടൂർണമെന്റുകൾ, ഫെസ്റ്റുകൾ, സംഗീതപരിപാടികൾ തുടങ്ങി വിവിധാവശ്യങ്ങൾക്ക് ജനങ്ങൾക്കൊത്തുചേരാൻ കഴിയുന്ന സൗകര്യമാണ് ഈ സ്റ്റേഡിയം നൽകുന്നത്.

### മൾട്ടി ഫെസിലിറ്റി സ്പോർട്സ് ഹബ്ബ്

ലോകോത്തര നിലവാരമുള്ള സ്പോർട്സ് ഹബ്ബാണിത്. സിന്തറ്റിക് ട്രാക്ക്, ലോകോത്തര നിലവാരമുള്ള ഫുട്ബോൾ ഗ്രൗണ്ട്, ക്രിക്കറ്റ്, ഹോക്കി, ഫുട്ബോൾ ടർഫ്, മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, ജിംനേഷ്യം ആൻഡ് ഫിറ്റ്നസ് സെന്റർ, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് മെഡിസിൻ സെന്റർ തുടങ്ങി അത്യാധുനിക സൗകര്യങ്ങളോടെയുള്ള ഹബ്ബ്.

### തീരത്തണയാം

NRI - കൊമേഷ്യൽ ഹബ്ബ്
നാട്ടിലുള്ള യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുക, പ്രവാസ പുനരധിവാസം സാധ്യമാക്കുക എന്നതാണ് ലക്ഷ്യം. പ്രവാസികൾക്ക് ആശങ്കകളില്ലാതെ തിരികെയെത്താൻ ധൈര്യം നൽകുന്ന, പ്രവാസികളുടെ കൂട്ടുത്തരവാദിത്വത്തിൽ ആരംഭിക്കുന്ന വ്യവസായ കേന്ദ്രമാണിത്.

### കാർഷികം

കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണ ശാലകളും വിപണന ശ്യംഖലകളും സ്ഥാപിക്കുന്നതിലൂടെ പ്രദേശവാസികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കും

### മുഖം മാറട്ടെ

കനകമല, വാഴമല തുടങ്ങിയ മേഖലകളെ ഘടിപ്പിക്കുന്ന ടൂറിസം പദ്ധതി.
ഉപയോഗശൂന്യമായി കിടക്കുന്ന ബോട്ട് ജെട്ടികളെ ബന്ധിപ്പിച്ച് ബോട്ട് ടൂറിസം ആരംഭിക്കും.
കേരളത്തിലെ ആദ്യത്തെ സെറ്റിൽമെന്റ് സദ്ഗ്രാമമായ കണ്ണവം, വില്ലേജ് ടൂറിസം പദ്ധതിയിലൂടെ വികസന മാതൃകാ സദ്ഗ്രാമമാക്കും.

# പെൺമനമറിഞ്ഞ് പിങ്ക് പാക്കേജ്

സ്ത്രീകളുടെ സാമ്പത്തിക സ്വയം - പര്യാപ്തതയും തൊഴിലും ഉറപ്പുവരുത്തുന്ന പല പദ്ധതികളുടെ ഒരു പാക്കേജാണ് മുന്നോട്ട് വയ്ക്കുന്നത്.

**കൂത്തുപറമ്പ് ബ്രാൻഡ്** കുടുംബശ്രീ വഴി ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് കൂത്തുപറമ്പ് ബ്രാൻഡ് എന്ന പേരിൽ ഏകീകൃത വിപണന ശ്യംഖല ഒരുക്കുക

**നൈപുണ്യ വികസനം** ഐ ടി, ഫാഷൻ ഡിസൈനിംഗ്, ഹോം കെയർ മേഖലകളിൽ സ്ത്രീകൾക്ക് സൗജന്യ സർട്ടിഫിക്കറ്റ് കോഴ്സുകൾ ലഭ്യമാക്കുന്ന സ്കിൽ സെന്ററുകൾ.

**മൊബൈൽ ക്ലിനിക്ക്** ഉൾനാടൻ ഗ്രാമങ്ങളിലെ സ്ത്രീകൾക്കായി സഞ്ചരിക്കുന്ന മെഡിക്കൽ ക്ലിനിക്ക്
.

**പിങ്ക് കോറിഡോർ** ടൗണുകളിൽ സ്ത്രീ സൗഹൃദ ശൗചാലയങ്ങളും വിശ്രമമുറികളും അടങ്ങുന്ന പിങ്ക് കോറിഡോർ

**നിർഭയം** സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത ഇടങ്ങളിൽ ലൈറ്റ് അപ്പ് മൈ പാത്ത് എന്ന പദ്ധതി വഴി വെളിച്ചം എത്തിക്കുക, cctv കൾ സ്ഥാപിക്കുക. സ്ത്രീ സൗഹൃദ ksrtc സർവീസുകളും, ബസ്സ് ടെർമിനലുകളും ആരംഭിക്കുക

**ഹെൽപ് ഡെസ്ക്** സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാനും നിയമസഹായം നൽകാനും പ്രത്യേക ഹെൽപ്പ് ഡെസ്ക്

**ലൈബ്രറികൾ** ലൈബ്രറികളിൽ സ്ത്രീകൾക്ക് പ്രത്യേക ഇടവും വായനാ സൗകര്യവും

**സെൽഫ് ഡിഫൻസ്** പെൺകുട്ടികൾക്ക് വേണ്ടി കായിക പരിശീലന കേന്ദ്രങ്ങളും ആയോധനകല പഠിക്കാനുള്ള സൗകര്യവും.